**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4842** | **01-11-2021 - ൽ മറുപടിയ്ക്ക്**

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പെപ്പർ, മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികൾ നടത്തി വരുന്നുണ്ട്. ടൂറിസം ഗ്രാമസഭകൾ ചേർന്ന് തദ്ദേശവാസികൾക്ക് ഉത്തരവാദിത്ത ടൂറിസം പദ്ധതികളെപ്പറ്റി അവബോധം നൽകിക്കൊണ്ടാണ് പ്രസ്തുത പദ്ധതികളെല്ലാം ആരംഭിക്കുന്നത്. ഇതിനു പുറമേ സംസ്ഥാന വ്യാപകമായി എക്സ്പീരിയൻസ് എത്തിക് ക്യുസീൻ, കേരള അഗ്രി ടൂറിസം നെറ്റ്‌വർക്ക്, കലാകാരന്മാരുടെ യൂണിറ്റുകൾ, കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നവരുടെ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ തരത്തിൽ തദ്ദേശീയർക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമാകുവാനുള്ള വിവിധ പ്രവർത്തനങ്ങളും മിഷൻ മുഖേന നടത്തുന്നുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലുള്ള ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ഉത്തരവാദിത്ത ടൂറിസത്തിൽ പരിശീലനം നൽകി വരുന്നു. വരുന്ന അഞ്ചു വർഷക്കാലം കൊണ്ട് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും അത് വഴി ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രയോജനം ഗ്രാമീണ മേഖലയിലെ മുഴുവൻ ജനങ്ങൾക്കും എത്തിക്കുന്നതിനുമാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ